(ഡി) പദ്ധതി നിർമ്മാണം/നടത്തിപ്പിനുമായുള്ള കരാറുകാരനെ കണ്ടെത്തി കരാർ ഉറപ്പിച്ചാൽ പരമാവധി ഒൻപത് മാസത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തികൾ തുടങ്ങുവാൻ സാധിക്കും.

(ഇ) മിഷൻ 676-ൽ ഉൾപ്പെട്ടിട്ടുള്ള നവരത്ന പദ്ധതികളിൽ ഒന്നാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി.

വിഴിഞ്ഞം പദ്ധതിയുടെ പ്രവർത്തന പുരോഗതി

102 (107) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) കേന്ദ്രത്തിൽ നിന്നും വിഴിഞ്ഞം പദ്ധതിക്കനുകൂലമായി ഏതൊക്കെ തീരുമാനങ്ങളാണ് ഇനിയും ഉണ്ടാകാനുള്ളത്;

(സി) വിഴിഞ്ഞം പദ്ധതിയുടെ പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണ്;

(ഡി) വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടർ നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) (i) പദ്ധതിയ്ക്ക് ആവശ്യമായ ഭൂമിയുടെ 90 ശതമാനവും ഏറ്റെടുത്തു.

(ii) പദ്ധതിയുടെ ആവശ്യത്തിനായുള്ള ജലം പദ്ധതി പ്രദേശത്ത് എത്തിക്കുന്ന ജോലി പൂർത്തീകരിച്ചു.

(iii) പദ്ധതി നിർമ്മാണ ആവശ്യത്തിനായുള്ള 11 കെ.വി വൈദ്യുതി ലൈനിന്റെ പണി പൂർത്തീകരിക്കുകയും പദ്ധതി നടത്തിപ്പ് സമയത്തിനാവശ്യമായ 220 കെ.വി ലൈനിന്റെ നിർമ്മാണം ആരംഭിക്കുകയുമുണ്ടായി.

(iv) 2011 ജൂൺ മാസം 10-ാം തീയതി പാരിസ്ഥിതികാഘാത പഠനം നടത്തുന്നതിനുള്ള 'Project Specific terms of reference'-ന്റെ അംഗീകാരവും തുടർന്ന് 2011 ജൂലൈ മാസം 1-ാം തീയതി 'Site Specific terms of reference'-ന്റെ അംഗീകാരവും കേന്ദ്ര സർക്കാരിൽ നിന്നും നേടിയെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

(v) 9000 TEU ശേഷിയുള്ള കപ്പലുകൾ അടുക്കുവാനാകുന്ന രീതിയിൽ IFC വിഭാവനം ചെയ്ത തുറമുഖ മാസ്റ്റർ പ്ലാൻ 18000 TEU-വോ അതിൽ കൂടുതലോ ശേഷിയുള്ള കപ്പലുകൾ അടുക്കുവാനാകും വിധം 2012 നവംബർ മാസത്തിൽ തയ്യാറാക്കുകയുണ്ടായി.

(vi) 2006-ലെ പാരിസ്ഥിതികാഘാത നിർണ്ണയ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരുന്നതനുസരിച്ച് ഏതാണ്ട് 18 മാസം നീണ്ടുനിന്ന പാരിസ്ഥിതികാഘാത പഠനം നടത്തുകയും റിപ്പോർട്ട് 2013 മേയ് മാസത്തിൽ പ്രസിദ്ധീകരിക്കുകയും പബ്ലിക് ഹിയറിംഗ് നടത്തുകയും തുടർന്ന് കേന്ദ്ര മന്ത്രാലയത്തിന് 2013 ഒക്ടോബർ മാസത്തിൽ സമർപ്പിക്കുകയും 2014 ജനുവരി മാസം 3-ന പാരിസ്ഥിതികാനുമതി നേടുകയും ചെയ്തു.

(vii) അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാകുന്ന Viability Gap Fund (VGF) ലഭ്യമാക്കുന്നതിനു ശ്രമിക്കുകയും തത്വത്തിലുള്ള അംഗീകാരം 2015 ഫെബ്രുവരി മൂന്നിന് നേടിയെടുക്കുകയുമുണ്ടായി.

(viii) പദ്ധതി നടപ്പിലാക്കുവാനായി 2013 ഡിസംബർ 4-ന് കരാറുകൾ പ്രസിദ്ധീകരിച്ചു. ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ദീർഘിപ്പിച്ച അവസാന തീയതി 2015 മാർച്ച് 25 ആണ്.

(ബി) (i) കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ കബോട്ടാഷ് നിയമത്തിൽ ലഭിക്കാനുള്ള ഇളവ്.

(ii) പദ്ധതിയുടെ ടെണ്ടർ ലഭ്യമാകുന്ന കരാറുകാരന് കേന്ദ്ര സർക്കാരിന്റെ സെക്യൂരിറ്റി ക്ലിയറൻസ്.

(സി) (i) സംസ്ഥാനത്ത് നിന്നുള്ള കാർഗോയില്ലുള്ള കുറവുകാരണം ട്രാൻസ്ഷിപ്പ്മെന്റ് ബിസിനസ് മാത്രമായി ചുരുങ്ങുന്ന സാഹചര്യം

(ii) ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖത്തിന് ആവശ്യംവേണ്ട കബോട്ടാഷ് നിയമത്തിന്റെ ഇളവ് കേന്ദ്ര സർക്കാർ അനുവദിക്കാത്ത സാഹചര്യം

(iii) പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നൽകിയ പാരിസ്ഥിതികാനുമതിക്ക് എതിരെയും 2011-ലെ CRZ നിയമത്തെയും ചോദ്യം ചെയ്തുകൊണ്ടും ഹരിത ട്രൈബ്യൂണലിൽ നില്നിൽക്കുന്ന കേസുകൾ

(iv) ആഗോള സാമ്പത്തിക മാന്ദ്യവും തുടർന്നുള്ള കണ്ടെയ്നർ ചരക്കുഗതാഗതത്തിലെ കുറവും.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതി നടപ്പിലാക്കുവാനായി 2013 ഡിസംബർ 4-ന് കരാറുകൾ പ്രസിദ്ധീകരിച്ചു. കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സംബന്ധിച്ച് അനുമതി ലഭ്യമാകാനുള്ള കാലതാമസം കാരണം ടെണ്ടർ സമർപ്പിക്കുവാനുള്ള തീയതി ദീർഘിപ്പിക്കേണ്ടിവന്നു. ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള തീയതി 2015 മാർച്ച് മാസം 25 ആണ്.

പൊന്നാനി മത്സ്യബന്ധന ഇറമുഖം

103 (108) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മത്സ്യബന്ധന ഇറമുഖം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കാമോ ;

(ബി) ഇവിടത്തെ തിരയിളക്കം മൂലം ബോട്ടുകൾ അടുപ്പിക്കാൻ കഴിയാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതേക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അതിനായി എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) ഹാർബർ ജെട്ടിയോട് ചേർന്ന് റബ്ബർ ഫെൻസിംഗ് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; ഇത് അടിയന്തരമായി പൂർത്തിയാക്കാൻ കഴിയുമോ എന്ന് വിശദമാക്കാമോ ;

(ഇ) മത്സ്യം സൂക്ഷിക്കുന്നതിനുള്ള സ്റ്റോറേജ് സെല്ലുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ ഏതുവരെയായി; ഇവ കൂടുതൽ എണ്ണം നിർമ്മിക്കുന്നതിനുള്ള നടപടി ഉടൻ തുടങ്ങാനാകുമോ എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പൊന്നാനി മത്സ്യബന്ധന ഇറമുഖം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് ടി സ്ഥലത്തുള്ള മത്സ്യം സൂക്ഷിക്കുന്ന 78 താൽക്കാലിക ഷെഡുകൾ (ചാപ്പകൾ) നീക്കം ചെയ്യേണ്ടതുണ്ട്. ആയതിനു പകരം മത്സ്യം സൂക്ഷിക്കുന്നതിനായി 60 മുറികൾ ഹാർബറിനുള്ളിൽ പണിയുന്നതിനായി 313 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആർ.കെ.വി.വൈ. സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഹാർബറിൽ നിലവിലുള്ള ഫിഷ്സ്റ്റോറേജ് ഷെഡ് 18 മുറികളിലായി പാർട്ടീഷൻ ചെയ്യുന്ന പ്രവൃത്തിക്കായി 23-2-2015-ന് ദർഘാസ് ക്ഷണിക്കുകയുണ്ടായി. എന്നാൽ ദർഘാസിൽ ആരും

LIBRARY ARCHIVES Kerala Legislative Assembly